# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2068 — 05.05.2017-ൽ മറുപടിയ്ക്ക്

## വി.സാംബശിവന്റെ പൂർണ്ണകായ പ്രതിമ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എം.നൗഷാദ് | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) വിശ്വ പ്രസിദ്ധ കഥാപ്രസംഗക നായിരുന്ന അനശ്വരനായ വി.സാംബശിവന്റെ പൂർണ്ണകായ പ്രതിമ അദ്ദേഹത്തിന്റെ മുഖ്യ കർമ്മ മണ്ഡലമായിരുന്ന കൊല്ലം നഗര ത്തിൽ ഏതെങ്കിലും ഭാഗത്ത് സ്ഥാപിക്കണമെന്ന നിർദ്ദേശം സാംസ്കാരിക വകുപ്പിന്റെ പരിഗണന യിലുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ;<br>(ബി) പ്രതിമ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ? | (എ) & (ബി) വി.സാംബശിവന്റെ പ്രതിമ കൊല്ലം ജില്ലയിൽ സ്ഥാപിക്കുവാൻ സർക്കാർ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് കൊല്ലത്ത് പ്രവർത്തിക്കുന്ന വി.സാംബശിവൻ ഫൗണ്ടേഷന്റെ സെക്രട്ടറിയുടെ 9/7/2016 ലെ നിവേദനം 762140 എന്ന തപാൽ നമ്പരായി സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ടി നിവേദനം സർക്കാരിൽ എ 2/234/2016/ സാം.കാ.വ നമ്പർ ഫയലായി പരിശോധിച്ച വരുന്നു. വി.സാംബശിവന് സ്മാരകം/പ്രതിമ നിർമ്മി ക്കുന്നതിന് ധനസഹായം അനുവദിക്കുന്ന വിഷയം പരിശോധിക്കുന്നതിന് സ്മാരകം/ പ്രതിമ നിർമ്മാണത്തിനുള്ള സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പാക്കി വിശദമായ പ്ലാനും, എസ്റ്റിമേറ്റും ബന്ധപ്പെട്ട രേഖകൾ സഹിതം സർക്കാരിൽ സമർപ്പിക്കുവാൻ കൊല്ലത്തെ വി.സാംബശിവൻ ഫൗണ്ടേഷൻ സെക്രട്ടറി യോട് 13/03/2017-ൽ അഭ്യർത്ഥിച്ചിട്ടുണ്ട്. ആയത് ലഭ്യമാക്കുന്ന മുറയ്ക്ക് പരിശോധിച്ച് സ്ഥലലഭ്യതയ്ക്കനുസരിച്ച് തീരുമാനം കൈക്കൊള്ളുന്നതാണ്. |

സെക്ഷൻ ഓഫീസർ